**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1205** **12/03/2015 ൽ മറുപടിയ്ക്ക്**

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ.റ്റി.ജോർജ്<br>,, ജോസഫ് വാഴയ്ക്കൻ<br>,, ടി.എൻ. പ്രതാപൻ<br>,, വി.പി.സജീന്ദ്രൻ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കൂട്ടുതൽ ഉദാരമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;<br>(ബി) ധനസഹായം ലഭിക്കുന്നതിനുള്ള പരമാവധി വാർഷിക വരുമാന പരിധി ഉയർത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;<br>(സി) ധനസഹായം അനുവദിക്കുന്നതിനുള്ള അധികാരപരിധി സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ; | (എ)<br>(ബി)<br>&<br>(സി), | ചില മാനദണ്ഡങ്ങൾ കൂടുതൽ ഉദാരമാക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് അർഹതയായി നിശ്ചയിച്ചിട്ടുള്ള പരമാവധി വാർഷിക വരുമാന പരിധി ഇരുപതിനായിരം രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും റവന്യൂ വകുപ്പ് മന്ത്രിക്ക് അനുവദിക്കാവുന്ന തുകയായ 2,000/- രൂപ 5000/- രൂപയായും, ജില്ലാകളക്ടർമാർക്ക് അനുവദിക്കാവുന്ന തുകയായ 1000/- രൂപ, 2000/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ചികിത്സയ്ക്കായി ആവശ്യമെന്ന് ബോദ്ധ്യപ്പെട്ടാൽ മറ്റ് അന്വേഷണങ്ങൾ കൂടാതെയും, പ്രത്യേക സാഹചര്യങ്ങളിൽ മറ്റ് ആവശ്യങ്ങൾക്കും പതിനായിരം രൂപ വരെ മുഖ്യമന്ത്രിക്ക് അനുവദിക്കാവുന്നതാണ്. മരണം സംഭവിച്ച ദുരന്തപൂർണ്ണമായ സാഹചര്യങ്ങളിൽ ഒരു ലക്ഷം രൂപ വരെ മന്ത്രിസഭയുടെ അനുമതി കൂടാതെ മുഖ്യമന്ത്രിക്ക് അനുവദിക്കാവുന്നതാണ്. ഒരു ലക്ഷം രൂപയിൽ കൂടുതൽ ധനസഹായം അനുവദിക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരം ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ